**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 780** **06-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | • സംസ്ഥാനത്തെ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിലേക്കായി സംസ്ഥാനത്തെ സഹകരണ മേഖലയെ ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതലത്തിലേക്ക് മാറ്റി ജില്ലാ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരളാ ബാങ്ക് രൂപീകരിക്കുകയുണ്ടായി. ഇതുവഴി കർഷകർക്ക് കുറഞ്ഞ നിരക്കിൽ വായ്പ ലഭിക്കുന്നതിനും, KSCB യുടെ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ പ്രധാനം ചെയ്യാനും കഴിയുന്നതാണ്.<br>• ആധുനിക ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ ചിലവിൽ ഇടപാടുകാർക്ക് ലഭ്യമാക്കുന്നതിനായി കേരള ബാങ്കിൽ അതിനൂതന കോർ ബാങ്കിംഗ് സംവിധാനം ഉടൻ നിലവിൽ വരുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നുവരുന്നു.<br>• ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇൻഡ്യൻ ആഡിറ്റ് അക്കൗണ്ട്സ് വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥയെ മുഴുവൻ സമയം ആഡിറ്റ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.<br>• സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പ് വരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ടീം ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>• ഗവേർണൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും സംഘങ്ങളിലൂടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യമാക്കുന്നതിനും വഴിതെളിയുന്ന നിയമ |

| | | | |
|---|---|---|---|
| | | | പരിഷ്കരണം നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br>• സഹകരണ ഉൽപ്പന്നങ്ങൾ COOPKERALA എന്ന ഒറ്റ ബ്രാന്റിൽ വിപണനം ചെയ്യുന്നതിനായി ബ്രാന്റിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് എന്ന പദ്ധതി സഹകരണ വകുപ്പ് ആരംഭിച്ചു. സംഘങ്ങളുടെ പ്രവർത്തന വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചറൽ ഫണ്ട് പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും Value added ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.<br>• സംസ്ഥാനത്ത് സാധാരണക്കാരന് വലിയ ആശ്വാസമായ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും, സംഘങ്ങൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ധനസഹായം അനുവദിക്കുന്നു.<br>• സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവാക്കളുടെ സഹകരണ സംഘങ്ങൾ വിവിധ ജില്ലകളിലായി 30 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>• കോട്ടയം ആസ്ഥാനമാക്കി കലാകാരൻമാരുടെ സഹകരണസംഘം - Kerala State Artist & Artistes Co.operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു.<br>• 1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരം കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്.<br>• നെൽ കർഷകരുടെ സംഭരണ, വിപണന പ്രശ്നങ്ങൾ പരിഹരിക്കാൻ പാലക്കാട് ഒഴികെയുള്ള ജില്ലകൾ പ്രവർത്തന മേഖലയാക്കി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം (കാപ്കോസ്) നിലവിൽ വന്നു. |
| (ബി) | സഹകരണ ധനകാര്യ സ്ഥാപനങ്ങൾ മുഖേന | (ബി) | ഈ വിഷയം പരിഗണിക്കുന്നത് പരിശോധിച്ചു |

| | | | |
|---|---|---|---|
| | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വായ്പ, നിക്ഷേപബന്ധിത പദ്ധതികൾ എന്നിവ പൂർണ്ണമായും നടപ്പാക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | | വരുന്നു. |
| (സി) | സംസ്ഥാനത്തെ എല്ലാ വ്യക്തികൾക്കും സഹകരണ ധനകാര്യ സ്ഥാപനങ്ങളിൽ അംഗത്വം ലഭ്യമാക്കുന്ന തരത്തിൽ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | കേരള സഹകരണ സംഘം നിയമം, ചട്ടം എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും അംഗത്വം നൽകുക എന്നതാണ് സർക്കാർ നയം. |

സെക്ഷൻ ഓഫീസർ